പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1035 | 30.01.2019 ൽ മറുപടിയ്ക്ക്.

## സി.ടി.ഐ.ട്രെയിനിംഗ് കാലയളവിലെ ദിനബത്ത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) കെ.എസ്.ആർ. പാർട്ട് II റൂൾ 59 റൂളിംഗ് നമ്പർ 2 പ്രകാരം ട്രെയിനിംഗിന് നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് യാത്രാപടിയും ദിനബത്തയും അനുവദിക്കാമെന്നിരിക്കെ 2015-2016, 2016-2017 വർഷങ്ങളിൽ സി.ടി.ഐ. ട്രെയിനിംഗിന് നിയോഗിക്കപ്പെട്ട വ്യാവസായിക പരിശീലന വകുപ്പിലെ ഇൻസ്ട്രക്ടർമാരിൽ ബഹുഭൂരിപക്ഷം പേർക്കും ദിനബത്ത അനുവദിച്ച് കിട്ടിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) സമാനമായ സാഹചര്യത്തിൽ ഇതേ ട്രെയിനിംഗിന് ഇതേ കാലയളവിൽ നിയോഗിക്കപ്പെട്ട പട്ടികജാതി വികസന വകുപ്പ നടത്തി വരുന്ന ഐ.ടി.ഐ.കളിലെ ഇൻസ്ട്രക്ടർമാർക്ക് ദിന ബത്ത പ്രസ്തുത കെ.എസ്.ആർ.റൂൾ പ്രകാരം ലഭിക്കുന്നുണ്ട് എന്ന് ചൂണ്ടിക്കാട്ടി ടി ദിനബത്ത ആവശ്യപ്പെട്ട് ഇൻസ്ട്രക്ടർമാർ വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടർക്ക് നിവേദനം നൽകിയപ്പോൾ എഫ് 3/37066/15 നമ്പരായ് ടി ഇൻസ്ട്രക്ടർമാർക്ക് ദിനബത്തയ്ക്ക് അർഹതയില്ല എന്നു വ്യക്തമാക്കി വകുപ്പ് ഡയറക്ടറുടെ തെറ്റായ ഉത്തരവ് ഇറങ്ങിയത് സംബന്ധിച്ച് | (ബി) & (സി) 15.06.2017-ലെ എഫ് 3/37066/15 നമ്പരായ കത്ത് പ്രകാരം 3 മാസം വരെയുള്ള ട്രെയിനിംഗുകൾക്ക് മാത്രമേ ദിനബത്തയ്ക്ക് (ഡി.എ) അർഹതയുള്ളൂ എന്ന് കോഴിക്കോട് ഐ.ടി.ഐ. പ്രിൻസിപ്പാളിനെ വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടർ അറിയിച്ചിരുന്നു. ഇക്കാര്യം സർക്കാർ തലത്തിൽ പരിശോധിച്ചിട്ടില്ല. |

| | |
|---|---|
| സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | |
| (സി) എങ്കിൽ ദിനബത്ത അനുവദിച്ച് നൽകുന്നത് സംബന്ധിച്ചും ദിനബത്ത അനുവദിച്ച് നൽകുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടിയെ സംബന്ധിച്ചും വിശദമാക്കുമോ; | |
| (ഡി) 2015-2016, 2016-2017 കാലയളവിൽ സി.ടി.ഐ. ട്രെയിനിംഗിന് നിയോഗിക്കപ്പെട്ട ഇൻസ്ട്രക്ടർമാർക്ക് അർഹതപ്പെട്ട ദിനബത്ത അനുവദിച്ച് നൽകുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സം നിലവിലുണ്ടോ; | (ഡി) സി.ടി.ഐ ട്രെയിനിംഗിനു നിയോഗിക്കുന്ന ഉദ്യോഗസ്ഥർക്ക് ആദ്യത്തെ 3 മാസത്തേയ്ക്ക് ദിനബത്തയ്ക്ക് അർഹതയുണ്ട്. എന്നാൽ യാത്രാബത്ത ബില്ലുകൾ പല ഘട്ടങ്ങളിലായി മാറാൻ വ്യവസ്ഥയില്ലാത്തതിനാൽ മുൻപ് യാത്രാബത്ത മാത്രം നല്കിയ ബില്ലുകളിൽ വീണ്ടും ദിനബത്ത ക്ലെയിം ചെയ്തവർക്ക് ആയത് അനുവദിച്ച് നല്കാൻ ചട്ട പ്രകാരം നിർവ്വാഹമില്ല. |
| (ഇ) ഉണ്ടെങ്കിൽ ഈ തടസ്സം പരിഹരിച്ച് ദിനബത്ത അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഇ) ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ